# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

**04.04.2018-ന് മറുപടിയ്ക്ക്**

**നക്ഷത്ര ചിഹ്നമിട്ട**
**നിയമസഭാ ചോദ്യം നം. *687**

## ഡിജിറ്റൽ പാഠപുസ്തകം

| <u>ചോദ്യം</u> | <u>മറുപടി</u> |
|---|---|
| ശ്രീ.അൻവർ സാദത്ത്<br>,, വി.പി.സജീന്ദ്രൻ<br>,, എ.പി. അനിൽ കുമാർ<br>,, ഷാഫി പറമ്പിൽ | പ്രൊഫ. സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) വലിപ്പമുള്ള പാഠപുസ്തകങ്ങൾ ദിനവും സ്കൂളിൽ കൊണ്ട് പോകുന്നത് മൂലം കുട്ടികൾക്കുണ്ടാകുന്ന ആരോഗ്യ-പ്രശ്നങ്ങൾ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;<br><br>(ബി) ഈ പ്രശ്നം പരിഹരിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; | (എ) & (ബി) കുട്ടികളുടെ സ്കൂൾ ബാഗിന്റെ ഭാരം ലഘൂകരിക്കുന്നതിനായി പാഠപുസ്തകങ്ങളുടെ ഭാരം കുറയ്ക്കുന്നതിനു വേണ്ടി 2017-18 അദ്ധ്യയന വർഷം മുതൽ മൂന്ന് വാല്യങ്ങളായിട്ടാണ് പാഠപുസ്തകങ്ങൾ അച്ചടിച്ച് വിതരണം ചെയ്യുന്നത്. ഇത്തരം പാഠപുസ്തകങ്ങൾ സ്കൂളിൽ കൊണ്ടുപോകുന്നതു മൂലം കുട്ടികൾക്ക് ആരോഗ്യ പ്രശ്നങ്ങളൊന്നും ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) ഇതിന് പരിഹാരമെന്ന നിലയിൽ ഡിജിറ്റൽ പാഠപുസ്തകം എന്ന സംവിധാനം ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കാമോ? | (സി) ഇക്കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ